بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# *Khuthba Summary* 20.06.14 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

*20.06.14 ന് മസ്ജിദ് ബയ്തുൽ ഫുതൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

## ഭാരവാഹികളോട്!
## വാക്കുകളല്ല; കർമങ്ങളാണ് ആവശ്യം

ജർമനിയാത്ര കാരണത്താൽ കഴിഞ്ഞ രണ്ടു ഖുത്ബകൾ ജർമനിയിലാണ് ഞാൻ നിർവഹിച്ചത്. അവിടെ ജൂൺ 6-ാം തിയതി നടത്തിയ ഖുത്ബയിൽ ഖിലാഫത്തിനോടുള്ള അനുസരണവും ഖിലാഫത്തിനോടുള്ള കൂറും എന്ന വിഷയത്തെ കുറിച്ച് പറഞ്ഞത് ജർമനി ജമാഅത്തിനെ ഉദ്ദേശിച്ച് മാത്രമല്ല. മുഴുലോകത്തിനും വേണ്ടിയാണ്. ചില ഉദാഹരണങ്ങൾ അവിടെത്തെ അവസ്ഥകൾ കാരണത്താൽ പറഞ്ഞത് ശരിയാണ്. പക്ഷേ, ലോകം മുഴുനുമുള്ള അഹ്മദികൾ പ്രതികരിക്കുകയും പെട്ടുന്നുതന്നെ ഖിലാഫത്തിനോടുള്ള പൂർണ അനുസരണവും തികഞ്ഞ കൂറും പ്രകടിപ്പിക്കുകയും ചെയ്തുവെന്നതിൽ എനിക്കു സന്തോഷമുണ്ട്. പ്രത്യേകിച്ചും 'ചിലയാളുകൾ, തങ്ങളിലെ ചില ഭാരവാഹികൾ, ചില നിർദേശങ്ങൾക്ക് വ്യാഖ്യാനങ്ങളും ന്യായീകരണങ്ങളും നടത്തിയിരുന്നു اِنۡ شَآءَ اللّٰہُ ഭാവിയിൽ അങ്ങനെ ഉണ്ടാകുകയില്ല' എന്ന് എഴുതി അറിയിച്ചതിൽ സന്തോഷമുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) സ്ഥാപിച്ച ജമാഅത്തിന്റെ മനോഹാരിതയാണിത്. പറയുമ്പോൾ ഉടനെ ശ്രദ്ധയുണ്ടാകുന്നു. അല്ലാഹു എല്ലാ അഹ്മദികളിലും ഈ അനുസരണവും കൂറും വർധിപ്പിച്ചുകൊണ്ടിരിക്കുമാറാകട്ടെ. ഞാൻ ജൽസക്കുശേഷം ജൽസയെ കുറിച്ചാണ് സാധാരണ വിവരിക്കാറുള്ളത്. ഇപ്പോൾ ഞാൻ ഈ ജൽസയെക്കുറിച്ച് മറ്റു ചില കാര്യങ്ങൾ പറയുന്നതാണ്. അനഹ്മദികളിലൂടെയും അമുസ്ലീംകളിലൂടെയും നമ്മുടെ ജൽസകൾക്ക് ഒരു തിളക്കം ഉണ്ടാകുന്നു. അഹ്മദികൾ ഇത്ര പ്രശസ്തമായി നടത്തുന്ന ഈ ജൽസ എന്താണ്? എന്ന് നോക്കാനും കേൾക്കാനും വരുന്നവരാണ് അവർ. ഈ ജൽസാ അവസരത്തിൽ അഹ്മദികൾ എന്താണ് ചെയ്യുന്നത്? എന്താണ് പറയുന്നത്? നല്ല കാര്യങ്ങളാണ് പറയുന്നതെങ്കിൽ അത് അനുസരിച്ച് അവർ പ്രവർത്തിക്കാറുണ്ടോ? അല്ലെങ്കിൽ ഭൗതികരെപ്പോലെ വെറും ഒരു സംഘടിക്കലാണോ? ഒരു സമ്മേളനമാണോ? വെറും ഒച്ചയിലും ബഹളത്തിലുമുള്ള തിളക്കമാണോ?

ജൽസയുടെ അന്തരീക്ഷം ഒരു അത്ഭുതമുളവാക്കുന്ന അന്തരീക്ഷമാണെന്ന് കാണുമ്പോൾ, അതിനെ ഭൗതികമായ മേളകളോടും സമ്മേളനങ്ങളോടും ഉപമിക്കാൻ പറ്റുകയില്ലെന്ന് കാണുമ്പോൾ ഈ ജൽസ അമുസ്ലിം അതിഥികൾക്ക് ഇസ്ലാമിന്റെ മനോഹരമായ അധ്യാപനം പറഞ്ഞുകൊടുക്കുതിനും ഇസ്ലാമിനെക്കുറിച്ചുള്ള സംശയങ്ങളും സന്ദേഹങ്ങളും അകറ്റുന്നതിനുമുള്ള മാർഗമായി മാറുന്നു. ഇപ്രകാരംതന്നെ അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്ലാമിനെക്കുറിച്ച് അല്പസ്വല്പ അറിവുകളും ചില അമുസ്ലീംകൾക്കും അനഹ്മദികൾക്കും ഉണ്ടാകുകയും ചെയ്യുന്നു. ജൽസയുടെ അന്തരീക്ഷവും പരിപാടികളും സ്വന്തം കണ്ണുൾകൊണ്ട് കാണുമ്പോൾ ചിലർ ബയ്അത്ത് ചെയ്യാനും തൽപരരാകുന്നു. ബയ്അത്ത് ചെയ്ത് പോകുന്നു. അല്ലെങ്കിൽ അവർ എത്രത്തോളം ആകർഷിക്കപ്പെടുന്നുവെന്നു വെച്ചാൽ, കുറച്ചു കാലത്തിനുശേഷം അവരുടെ മനസ്സ് അഹ്മദിയ്യത്തിലേക്ക് പരിപൂർണമായും ചായുന്നു. അങ്ങനെ ഈ ജൽസ ഇസ്ലാമിനെക്കുറിച്ച് നല്ല സ്വാധീനം ചെലുത്തുന്നതിനോടൊപ്പം തബ്ലീഗിനുള്ള വളരെ വലിയ മാർഗമായിത്തീരുന്നു.

ജർമനിയിലെ ജൽസയും തീർച്ചയായും ഇക്കാര്യങ്ങൾക്ക് നിമിത്തമായി. അതുകൊണ്ട് അല്ലാഹു വിസ്മയകരമായ നിലയിൽ എങ്ങനെയാണ് തന്റെ സഹായവും പിന്തുണയും കാണിച്ചുകൊണ്ടിരിക്കുന്നതെന്ന് മനസ്സിലാക്കാൻ ആദ്യം ജൽസയിൽ പങ്കെടുത്ത അമുസ്ലിം അതിഥികളുടെ പ്രതികരണങ്ങൾ ഞാൻ കേൾപിക്കുകയാണ്. കാരണം അല്ലാഹുവിന്റെ അനുഗ്രഹം ഒന്നുകൊണ്ടു മാത്രമേ മനസ്സ് ചായുകയുള്ളു. വെറും ജൽസ മാത്രമല്ല, ജമാഅത്തിന്റെ എല്ലാ ഫംഗ്ഷനുകളും ജമാഅത്തിനെ പരിചയപ്പെടുത്താനുള്ള വലിയൊരു മാർഗമായിത്തീരുന്നു. എന്നല്ല, ഓരോ ഫംഗ്ഷനുകളും ഇസ്ലാമിന്റെ മനോഹരമായ അധ്യാപനങ്ങൾ പറയുന്നതും തബ്ലീഗിന്റെ രംഗം തുറക്കുന്നതുമായിഭവിക്കുന്നു. ജർമനിയിലെ പര്യടന വേളയിൽ മസ്ജിദുകൾക്ക് തറക്കല്ലിടുന്നതിനും മസ്ജിദുകൾ ഉൽഘാടനം ചെയ്യുന്നതിനും അവസരം കിട്ടി. ഇതുമുഖേനയും ഇസ്ലാമിന്റെ മനോഹരമായ അധ്യാപനം ജനങ്ങൾക്ക് വ്യക്തമായി. 'ഈ ഇസ്ലാം ഇതിനുമുമ്പേ തങ്ങളുടെ മുമ്പിൽ വെളിവാക്കപ്പെട്ടിട്ടില്ല' എന്ന് പറഞ്ഞ് അത് അവർ പ്രകടിപ്പിക്കുകയും ചെയ്തു. പത്രങ്ങൾ നല്കിയ കവറേജികളിലൂടെയും മില്യൺക്കണക്കിന് ജനങ്ങളിൽ സന്ദേശമെത്തി. എന്തായാലും ഏറ്റവുമാദ്യം ഇതിൽ പങ്കെടുത്ത അമുസ്ലീംകളുടെ പ്രതികരണങ്ങളാണ് ഞാൻ ഇവിടെ കേൾപിക്കുന്നത്.

ജർമനി ജൽസയിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ വിവിധ അയൽരാജ്യങ്ങളിൽനിന്നും സംഘങ്ങളെത്തി. വളരെയധികം സംഘങ്ങളെത്തി. ഫ്രാൻസിൽ(France) നിന്നും ബൽജിയ (ആലഹഴശൗ)ത്തിൽനിന്നുമുള്ള നവ അഹ്മദികൾക്കും നമ്മൾ തബ്ലീഗ് ചെയ്തുകൊണ്ടിരിക്കുന്നവർക്കും പുറമെ എസ്റ്റോണിയ,(Estonia) ക്രോയേഷ്യ (Croatia)ലിത്വാനിയ(Lithuania) സ്ലോവേനിയ(Slovenia)റൊമാനിയ (Romania) ഹംഗറി(Hungary) മോണ്ടി നെഗ്രോ (Montenegro) ബോസ്നിയ(Bosnia)റഷ്യൻ രാജ്യങ്ങളായ കോസോ, അൽബേനിയ(Albania) ബൽഗേറിയ (Bulgaria) മസിഡോണിയാ(Macedonia)തുടങ്ങിയ സ്ഥലങ്ങളിൽനിന്ന് സംഘങ്ങൾ എത്തിയിരുന്നു. അതിൽ കുട്ടികളും ഉണ്ടായിരുന്നു. നമ്മൾ തബ്ലീഗ് ചെയ്തുകൊണ്ടിരിക്കുന്ന പുരുഷന്മാരും സ്ത്രീകളും അമുസ്ലിം സുഹൃത്തുക്കളും ഉണ്ടായിരുന്നു.

മസിഡോണിയാ(Macedonia)യിൽനിന്ന് ഈ വർഷം ജൽസയിൽ 55 പേരടങ്ങുന്ന സംഘമാണ് പങ്കെടുത്തത്. ഇതിൽ 28 ക്രിസ്ത്യൻ സുഹൃത്തുക്കളായിരുന്നു. 10 അനഹ്മദികളും 17

അഹ്മദികളും പങ്കെടുത്തു. ഇപ്രകാരം ബൾഗേറിയാ (Bulgaria) യിൽനിന്ന് 82 പേരടങ്ങുന്ന സംഘം ദീർഘ യാത്ര ചെയ്താണ് ഇവിടെ എത്തിയത്. ഈ സംഘവുമായി കൂടിക്കാഴ്ചയും നടന്നു. ജൽസയുടെ ആത്മീയ അന്തരീക്ഷം അവരെ വല്ലാതെ ആകർഷിച്ചു. ഒരു വ്യക്തമായ പരിവർത്തനമായിരുന്നു. അത് പരസ്യമായിട്ട് അവർ പ്രകടിപ്പിച്ചു. സേവനം ചെയ്യാനുള്ള ഉത്സാഹത്തേയും ജമാഅത്തിന്റെ ഉത്സാഹത്തേയും അതിഥി സൽക്കാരം ചെയ്യാനുള്ള ഉത്സാഹത്തേയും ഒരുപാട് പ്രശംസിച്ചു. മസിഡോണിയാ(Macedonia)യിൽനിന്ന് ഈ വർഷവും ഞാൻ പറഞ്ഞതുപോലെ 55 പേരടങ്ങുന്ന ഒരു സംഘം ഏകദേശം 2000 കിലോമീറ്റർ ദൂരത്തുനിന്നാണ് വന്നത്. ഇതിൽ 28 ക്രിസ്ത്യൻ സുഹൃത്തുക്കളായിരുന്നു. 10 അനഹ്മദികളും 17 അഹ്മദികളും രണ്ടു പത്രപ്രവർത്തകരും ക്യാമറമാനും പങ്കെടുത്തു. അവർ പരിപാടികൾ റെക്കോർഡ് ചെയ്യുന്നുണ്ടായിരുന്നു. തങ്ങൾ തിരിച്ചെത്തിയാൽ തങ്ങളുടെ ടി.വി പരിപാടികളിൽ കാണിക്കുമെന്ന് അവർ പറഞ്ഞു. ഈ സംഘത്തിൽ നിന്ന് ജൽസയുടെ സമാപന ദിവസം 9 പേർ ബയ്അത്ത് ചെയ്തു.

നിക്കോൾച്ചൂ ഗോശേവ്സ്കി(Nikolcho Goshevski)ജൽസയിൽ പങ്കെടുത്ത ഒരു അതിഥിയാണ്. അദ്ദേഹം ഒരു സർക്കാരുദ്യോഗസ്ഥനാണ്. അദ്ദേഹം പറഞ്ഞു: 'എന്റെ ഈ സന്ദർശനം മതത്തെ കുറിച്ച് പഠിക്കുന്നതിനും മതത്തെ കുറിച്ച് ചിന്തിക്കുന്നതിനും ആലോചിക്കുന്നതിനും വളരെ നല്ലതാണ്. ജൽസയിലെ പരിപാടികൾ എന്നിൽ വളരെ വലിയ സ്വാധീനമാണ് ചെലുത്തിയത്.' പിന്നീട് എന്നെ കുറിച്ച് പറഞ്ഞു, 'അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ ഇസ്‌ലാമിനെ കുറിച്ചുള്ള എന്റെ കാഴ്ചപ്പാടുകളെയെല്ലാം നീക്കിക്കളഞ്ഞു. അപകടകരവും തീവ്രവാദം ഇഷ്ടപ്പെടുകയും ചെയ്യുന്ന ഒരു മതമായിട്ടാണ് മുമ്പേ ഞാൻ ഇസ്‌ലാമിനെ കണ്ടിരുന്നത്. ഇപ്പോൾ ഞാൻ എന്റെ പഴയ ചിന്താഗതികളൊക്കെ മാറ്റിയിരിക്കുന്നു. ഇസ്‌ലാം ശാന്തിയുടെ മതമാകുന്നു.'

മസിഡോണിയാ(Macedonia)യിൽനിന്ന് തന്നെയുള്ള ഒരു അതിഥി ഞാനുമായി നടത്തിയ കൂടിക്കാഴ്ചയിൽ എന്നോട് പറഞ്ഞ അഭിപ്രായത്തെ പരാമർശിച്ചുകൊണ്ട് പറഞ്ഞു: 'എല്ലാ മതങ്ങളേയും സ്നേഹത്തിൽ സംഘടിപ്പിക്കുക. അങ്ങനെയുള്ള പരിപാടികൾ ഉണ്ടാവണം'- ഞാൻ പറഞ്ഞ മറുപടി അദ്ദേഹം പറഞ്ഞു. അതായത് നമ്മൾ ആദ്യമേതന്നെ അതിനായി പരിശ്രമിക്കുന്നവരാണ്. പിന്നീട് 'വെൽഡ് ഹാളിൽ' നടന്ന പരിപാടിയെ കുറിച്ച് വിശദമായി സംസാരിച്ചു. അതിന്റെയൊക്കെ വലിയ സ്വാധീനമാണ് അദ്ദേഹത്തിലുണ്ടായത്.

അൽബേനിയാ (Albania)യിൽനിന്ന് 21 പേരടങ്ങുന്ന ഒരു സംഘമാണ് വന്നത്. അതിൽ 10 അനഹ്മദികളും 11 അഹ്മദികളും ഉണ്ടായിരുന്നു. പട്ടാളത്തിൽ ദീർഘകാലം ഉദ്യോഗം വഹിച്ച ഒരു പട്ടാളക്കാരനും അതിലുണ്ടായിരുന്നു. അദ്ദേഹം പറയുന്നു: 'ഇങ്ങനെയുള്ള അച്ചടക്കം ഞാൻ ലോകത്ത് ഒരിടത്തും കണ്ടിട്ടില്ല. ജമാഅത്തംഗങ്ങളിൽ സ്വേഷ്ടപ്രകാരമുള്ള സേവനത്തിന്റെ ആവേശം ഇങ്ങനെ ഉണ്ടാകുന്നതും സന്തോഷകരമായ ഒരു അനുഭവമാണ്. ചെറിയ ചെറിയ കുട്ടികൾ പോലും അതിഥികൾക്ക് വെള്ളം വിതരണം ചെയ്തുകൊണ്ട് അങ്ങേയറ്റം സന്തോഷം അനുഭവിക്കുന്നു.'

റൊമാനിയാ(Romania)യിൽനിന്ന് ഒരു സംഘം വന്നിരുന്നു. അതിൽ ഒരു സിറിയൻ സുഹൃത്തും ഉണ്ടായിരുന്നു. ഹസീനുൽ ഹാഫിള് സാഹിബ്. അദ്ദേഹം ദീർഘകാലമായി റൊമാനിയായിലാണ് താമസം. അദ്ദേഹം പറയുന്നു: ജൽസയിൽ പങ്കെടുത്തപ്പോൾ നമ്മുടെ ഒരു മുബല്ലിഗിനോട് പറഞ്ഞു, 'ഖലീഫത്തുൽ മസീഹിനെ നമക്ക് ദൂരെനിന്ന് മാത്രമെ കാണാൻ സാധിക്കുകയുള്ളോ അതോ അടുത്തു നിന്നും കാണാൻ പറ്റുമോ?' മുബല്ലിഗ് സാഹിബ് കൂടിക്കാഴ്ചയും നടക്കുമെന്ന് പറഞ്ഞപ്പോൾ അദ്ദേഹത്തിന് അത് വിശ്വസിക്കാൻ കഴിഞ്ഞില്ല. മുബല്ലിഗ് സാഹിബ് പറയുന്നു, ജൽസയുടെ ആദ്യ ദിവസം മുതൽതന്നെ, താൻഖലീഫയെ സ്നേഹിക്കുന്നവെന്നും മുഴുലോകത്തും ഒരു ഖലീഫത്തുൽ മുസ്‌ലിമീൻ ഉണ്ടെങ്കിലെ മുസ്‌ലീംകളുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയുള്ളൂവെന്നും ഖലീഫക്ക് മാത്രമേ നമ്മെ നേരായ പാതയിൽ നടത്താൻ സാധിക്കുകയുള്ളൂവെന്നും ശരിയായ വഴി കാണിച്ചുതരാൻ പറ്റുകയുള്ളൂവെന്നും പറഞ്ഞുകൊണ്ടിരുന്നു.' കൂടിക്കാഴ്ചയുടെ അവസരത്തിലും അദ്ദേഹം ഇത് പ്രകടിപ്പിച്ചിരുന്നു. പിന്നീട് നമ്മുടെ മുബല്ലിഗിനോട് അദ്ദേഹം ചോദിച്ചു, ഖലീഫയെ എങ്ങനെയാണ് തിരഞ്ഞെടുക്കുന്നത്? അദ്ദേഹം ഖിലാഫത്തിനെ കുറിച്ചും ഖിലാഫത്തെ റാശിദായുടെ തിരഞ്ഞെടുപ്പിനെക്കുറിച്ചും ഇപ്പോഴും അതുപോലെതന്നെയാണ് തിരഞ്ഞെടുപ്പ് നടക്കുന്നതെന്നും അല്ലാഹു തിരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നവരെ തന്റെ നിയന്ത്രണത്തിൽ എടുക്കുന്നുവെന്നും ഗോപ്യമായ വെളിപാടു മുഖേന സംഘടിപ്പിക്കുന്നുവെന്നും പറഞ്ഞു.

ഗോപ്യമായ വെളിപാടിന്റേയും ദൈവികനിയന്ത്രണത്തിന്റേയും വശം അദ്ദേഹത്തിന് മനസ്സിലായില്ല. അങ്ങനെ വൈകുന്നേരമായപ്പോൾ തന്റെ പ്രശ്നം പരിഹരിക്കപ്പെട്ടുവെന്ന് അദ്ദേഹം പറഞ്ഞു. പറയുന്നു, ഞാൻ ലജ്നയിലെ പ്രസംഗത്തിനു ശേഷം മടങ്ങി വരുമ്പോൾ ളുഹർ നമസ്കരിക്കാൻ ആളുകൾ ലൈനുകളിൽ നില്ക്കുകയായിരുന്നു. ഞാനും അവിടെനിന്നു. ഞാൻ അവരുടെ മുമ്പിലൂടെ നമസ്കാര സ്ഥലത്തേക്ക് പോയപ്പോൾ അദ്ദേഹം പറയുന്നു, ഖലീഫയുടെമേൽ എന്റെ ദൃഷ്ടി പതിഞ്ഞപ്പോൾ അനിയന്ത്രിതമായും ഒരു ഉദ്ദേശ്യവും കൂടാതെയും സലാം പറയാൻ എന്റെ കൈ അന്തരീക്ഷത്തിൽ ഉയർന്നു. അദ്ദേഹം പറയുന്നു, ഇത് അനിയന്ത്രിതമായ ഒരു പ്രവർത്തിയായിരുന്നു. ഇതോടുകൂടി 'ദൈവികനിയന്ത്രണവും ഗോപ്യമായ വെളിപാടും'പരിഹരിക്കപ്പെട്ടു. പൊതുവെ താൻ ആരേയും അതെത്ര വലിയ ആളാണെങ്കിലും ശരി, കൈയുയർത്തി അല്ലെങ്കിൽ കൈവീശി സലാം ചെയ്യാറില്ലെന്നും പക്ഷേ, ഇപ്പോൾ തന്നിൽനിന്നുണ്ടായത് ദൈവിക നിയന്ത്രണം തന്നെയാണെന്നും അങ്ങനെ ചെയ്യുക എന്നതു തന്നെക്കൊണ്ട് ഒരിക്കലും സാധിക്കുമായിരുന്നില്ലെന്നും അദ്ദേഹം പറഞ്ഞു. അദ്ദേഹം ജമാഅത്തിനോട് ഒരുപാട് അടുത്തിട്ടുണ്ട്. അല്പംകൂടി ചിന്തിച്ച് താൻ ജമാഅത്തിൽ പ്രവേശിക്കുന്നതാണെന്ന് അദ്ദേഹം എന്നോടു പറയുകയും ചെയ്തിട്ടുണ്ട്. اِنْ شَآءَ اللّٰه

യൂണിവേഴ്സിറ്റികളിൽനിന്ന് വന്ന ലിത്വാനിയ(Lithuania)യായിലെ മൂന്നു അതിഥികളുണ്ടായിരുന്നു. ഒരു വിദ്യാർഥി തന്റെ പ്രതികരണം വെളിപ്പെടുത്തിക്കൊണ്ട് പറഞ്ഞു, ഇസ്‌ലാമിനെ കുറിച്ച് വിവരം കുറഞ്ഞവരും അല്ലെങ്കിൽ വിരുദ്ധ ചിന്താഗതിക്കാരുമായ പാശ്ചാത്യൻ ചിന്തകർക്ക് ഈ സമ്മേളനം വളരെ ഫലപ്രദമാണ്. കാരണം ജൽസ അവരുടെ പരിമിതമായ ചിന്താഗതിയെ വിശാലമാക്കാൻ ഇടയുണ്ട്. നിങ്ങൾ സംശയത്തിനിടയില്ലാത്ത ചിന്താഗതികളുടെ ഉടമസ്ഥരാണ്. എപ്പോഴും മുഖം പ്രസന്നതയിലും മന്ദസ്മിതത്തിലും ഇരിക്കുന്നു. എന്നെ കണ്ടപ്പോഴും അവരിൽ വളരെ നല്ല സ്വാധീനമുണ്ടായിരുന്നു.'

അതിഥിയായ ഡൊമിനിക് സാഹിബ് പറയുന്നു: 'കാലത്തിന്റെ ഖലീഫയുടെ പ്രഭാഷണങ്ങൾകൊണ്ട് നമ്മുടെ അറിവുകളിൽ വർധനവുണ്ടായി. ജമാഅത്തിനെ കുറിച്ച് ആദ്യമേ കുറച്ച് പരിചയമുണ്ടായിരുന്നു. പക്ഷേ, ഖലീഫയുടെ പ്രസംഗം കേട്ടതിനു ശേഷം ധാരാളം പുതിയ കാര്യങ്ങൾ ലഭിച്ചു.' വേറൊരു അതിഥി

പറയുന്നു, 'സഹിഷ്ണുതയെകുറിച്ചും സമത്വത്തെ കുറിച്ചും അവതരിപ്പിച്ച പാഠങ്ങൾ ഇന്ന് വളരെ ഉന്നതമായ പാഠങ്ങളാണ്. ഇത് ജർമൻ നിയമങ്ങളുടെ ശരിപ്പകർപ്പനുസരിച്ചുള്ളതാണ്. യൂണിവേഴ്സിറ്റിയിൽ എന്റെ കൂടെ ഒരു അഹ്മദി പഠിക്കുന്നുണ്ട്. അവന്റെ കർമങ്ങളിൽനിന്ന് അഹ്മദീ മുസ്ലീംകളും മറ്റു മുസ്ലീംകളും തമ്മിലുള്ള വ്യത്യാസം കാണാം.'

ഈ കർമപരമായ വ്യത്യാസമാണ് എല്ലാ തലങ്ങളിലും എല്ലാ സമൂഹങ്ങളിലും നമ്മൾ കാണിക്കേണ്ടത്. കാണിക്കേണ്ടതുമാണ്. ഇത് തബ്ലീഗിനുള്ള വളരെ വലിയ മാർഗമാണ്. അതുകൊണ്ട് ഇതിന്റെ കർമപരമായ മാതൃകകളിലേക്കാണ് ആളുകൾ നോക്കുന്നതെന്ന കാര്യം ഓർക്കുക.

ഒരു ജർമൻകാരൻ പറയുന്നു, 'ഖലീഫയുടെ പ്രസംഗം ഞാൻ എഴുതി എടുത്തതുപോലെ തോന്നി. അതിലെ ഓരോ വാക്കും എന്റെ ഹൃദയത്തിന്റെ ശബ്ദമാണ്.'

ഒരു സ്ത്രീ പറയുന്നു, 'ഖലീഫത്തുൽ മസീഹ് തന്റെ പ്രഭാഷണത്തിൽ ഡാക്ടർ മഹ്ദീ അലീ സാഹിബിന്റെ ശഹാദത്തിനെക്കുറിച്ച് പറഞ്ഞപ്പോൾ എനിക്ക് സഹിക്കാൻ കഴിഞ്ഞില്ല. ഞാൻ കരയാൻ തുടങ്ങി. ഖലീഫത്തുൽമസീഹ് 'ഈ ശഹാദത്ത് ഉണ്ടായെങ്കിൽതന്നെയും നമ്മുടെ സേവന വികാരത്തിന് ഒരു കുറവും വരികയില്ലെന്നും ഈ സേവനം തുടർന്നുകൊണ്ടു പോകുമെന്നും പറഞ്ഞപ്പോൾ' എന്റെ വികാരത്തെ നിയന്ത്രിച്ചു നിറുത്തുന്നത് എനിക്ക് ഏറെ ദുഷ്കരമായിത്തീർന്നു.'

ഒരു സ്ത്രീ പറയുന്നു, 'ഞാൻ വളരെ ആകർഷിക്കപ്പെട്ടു. പ്രത്യേകിച്ചും സമാധാനത്തിനു വേണ്ടിയുള്ള പരിഹാരം അവതരിപ്പിക്കപ്പെട്ടതിൽ. അതായത് ലോകത്തുള്ള എല്ലാ മനുഷ്യരും ജാതി മതത്തിന്നതീതരായിക്കൊണ്ട് പരസ്പരം സ്നേഹിക്കേണ്ടതാണ്. അല്ലാതെ പരസ്പരം വൈരാഗ്യം വർധിപ്പിച്ചുകൊണ്ട് പോകലല്ല. ഈ പരിപാടി വളരെയധികം വിജയമായിരുന്നു. പരിപാടിയിൽ പങ്കെടുക്കാൻ ജമാഅത്തിലുള്ളവരെ മാത്രമല്ല ക്ഷണിച്ചത്. ഇതും വളരെ നല്ല കാര്യമായി. അല്ലെങ്കിൽ രാഷ്ട്രീയക്കാരെ മാത്രമല്ല. പ്രത്യുത അയൽവാസികളേയും ക്ഷണിച്ചിരുന്നു. അതും എന്നെ വല്ലാതെ ആകർഷിച്ചു.'

അതുകൊണ്ട് മസ്ജിദുകളുടെ ഉൽഘാടന വേളകളിൽ 'പുതിയ വഴികൾ തുറക്കുന്നതാണ്, എന്ന സന്ദേശം അഹ്മദികൾക്ക് നല്കുമ്പോൾ അതിലേക്ക് ശ്രദ്ധിക്കേണ്ടത് അത്യാവശ്യമാണ്. ഏതെങ്കിലും സ്ഥലത്ത് മസ്ജിദിന്റെ ഉൽഘാടനമോ മസ്ജിദ് നിർമാണമോ നടക്കുമ്പോൾ അവിടെത്തെ ഓരോ അഹ്മദിയുടേയും ഉത്തരവാദിത്തം ഏറുന്നു.

ജർമനിയിൽ ജൽസയുടെ മൂന്നാം ദിവസം അല്ലാഹുവിന്റെ അനുഗ്രഹത്താൽ ബയ്അത്തും നടന്നിരുന്നു. അതിൽ അവിടെ ഉണ്ടായിരുന്ന 19 സമുദായങ്ങളിൽപ്പെട്ട 83 ആളുകൾ ബയ്അത്ത് ചെയ്തു. ബയ്അത്ത് ചെയ്തവരുടെ ചില സംഭവങ്ങൾ പറയാം.

മൊറോക്കോ(Morocco)യിലെ ഒരു സ്നേഹിതൻ അബ്ദുല്ലാഹ് സാഹിബ് പറയുന്നു: '6 വർഷം മുമ്പേ ജമാഅത്തിനെ പരിചയപ്പെട്ടിരുന്നു. പക്ഷേ, കുറച്ച് ആഴ്ചകൾക്കു മുമ്പേ അഹ്മദിയ്യത്ത് അന്വേഷിച്ച് ജമാഅത്തിന്റെ ഒരു നമസ്കാര സെന്ററിലെത്തി. ജമാഅത്തിനെ കുറിച്ച് കൂടുതൽ കാര്യങ്ങൾ അറിഞ്ഞു. നമസ്കാരങ്ങളിലും ജുമുഅകളിലും പങ്കെടുക്കാൻ തുടങ്ങി. ജൽസ സാലാന ജർമനിയിൽ പങ്കെടക്കാനുള്ള ക്ഷണക്കത്ത് എനിക്കു കിട്ടി. ഞാൻ അതിൽ പങ്കെടുത്തു. ജൽസയുടെ ആത്മീയാന്തരീക്ഷവും കാലത്തിന്റെ ഖലീഫക്ക് ജമാഅത്തംഗങ്ങളോടുള്ള സ്നേഹവും അവരുടെ അനുസരണവും കണ്ട് എന്റെ മനസ്സിൽ അസാധാരണമായ മാറ്റമുണ്ടായി. അതായത് ഇത് തീർച്ചയായും സത്യസന്ധന്മാരുടെ ജമാഅത്താണ്. അപ്പോൾ ഞാൻ ജമാഅത്തിൽ പ്രവേശിക്കാൻ തീരുമാനിക്കുകയും ബയ്അത്ത് ചെയ്യുകയും ചെയ്തു.'

സ്വീഡനിൽ(Sweden)നിന്ന് ഇറാഖിലെ ഒരു സുഹൃത്ത് പറയുന്നു: 'ജൽസയുടെ ആത്മീയാന്തരീക്ഷം കണ്ട് വളരെ സ്വാധീനമുണ്ടായി.' അദ്ദേഹം പറയുന്നു, 'ഞാൻ അന്വേഷിച്ചുനടന്ന യഥാർഥവും സത്യസന്ധവുമായ ജമാഅത്ത് ഇതു മാത്രമാണ്. ഈ അഹ്ദിയ്യാ ജമാഅത്തുതന്നെയാണ് എന്റെ എല്ലാ ചോദ്യങ്ങൾക്കുമുള്ള മറുപടിയും.' പിന്നീട് ജൽസയിൽ അദ്ദേഹം ബയ്അത്ത് ചെയ്തു.

ഫ്രാൻസിൽനിന്ന് ഒരു സ്നേഹിതൻ വന്നിരുന്നു. അദ്ദേഹം പറയുന്നു, 'ഞാൻ ക്രിസ്ത്യൻ കുടുംബത്തിലാണ് ജനിച്ചത്. ഞാൻ ഒരു മതപരമായ പ്രാക്ടീസും ചെയ്യുന്നില്ല. മാതാപിതാക്കൾ പഞ്ഞതുകേട്ട് ക്രിസ്ത്യൻ പള്ളിയിൽ പോയി. മുമ്പിൽ ഹദ്റത്ത് ഈസാ (അ)ന്റെ ബിംബം വെച്ചിട്ടുണ്ടായിരുന്നു. അല്ലാഹുവിനെ ആരാധിക്കണോ ഇദ്ദേഹത്തെ ആരാധിക്കണോ എന്ന് എനിക്കു മനസ്സിലായില്ല. ഞാനുമായി ബന്ധമുള്ള ഒരു അഹ്മദീ സ്നേഹിതൻ ജമാഅത്തിനെ എനിക്കു പരിചയപ്പെടുത്തി തരികയും അറിവുകൾ സംഘടിപ്പിച്ചു തരികയും ചെയ്തു. ഇസ്ലാമീ ഉസൂൽ കി ഫലാസഫി വായിക്കാൻ തന്നു. ജൽസയിൽ പങ്കെടുത്തു. ജമാഅത്തിന്റെ ഇമാമിന്റെ പ്രസംഗം കേട്ടു. എന്റെ മാനസികാവസ്ഥ മാറി. ഞാൻ ജൽസയുടെ മൂന്നാം ദിവസം ബയ്അത്ത് ചെയ്ത് അഹ്മദിയ്യത്തിൽ പ്രവേശിച്ചു.' ഇദ്ദേഹം ഫ്രാൻസീസി തദ്ദേശവാസിയാണ്.

ഫ്രാൻസിൽനിന്നു വന്ന ഒരു അഹ്മദി അറബി പറഞ്ഞു, ഇദ്ദേഹം തന്റെ പഴയകാല സംഭവം പറയുകയാണ്. അദ്ദേഹം സ്വപ്നം കണ്ടു. 'ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)വഫാത്താകുന്നതിന് കുറച്ചുകാലം മുമ്പേ ഞാൻ സ്വപ്നത്തിൽ കേട്ടു, ആരോ പറയുന്നു,

يَاَيَّتُهَا النَّفْسُ الْمُطْمَئِنَّةُ ﴿٢٨﴾ ارْجِعِيٓ اِلٰى رَبِّكِ رَاضِيَةً مَّرْضِيَّةً ﴿٢٩﴾ فَادْخُلِيْ فِيْ عِبٰدِيْ ﴿٣٠﴾ وَادْخُلِيْ جَنَّتِيْ ﴿٣١﴾

(89:28-31)

പിന്നീട് ഒരു യുവാവിനെ കണ്ടു. അദ്ദേഹത്തെക്കുറിച്ച് എന്നോട് സ്വപ്നത്തിൽ പറയപ്പെട്ടു, ഇത് നിങ്ങളുടെ പുതിയ ഖലീഫയാണ്. അദ്ദേഹം പറയുന്നു, ഈ സ്വപ്നത്തിനുശേഷം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് വഫാത്തായി. ഖിലാഫത്ത് തിരഞ്ഞെടുപ്പ് നടന്നപ്പോൾ എനിക്ക് ഈ സ്വപ്നം ഓർമ വന്നു. ഞാൻ ഫോട്ടോ നോക്കിയപ്പോൾ താങ്കൾതന്നെയായിരുന്നു അത്.'

അതുകൊണ്ട് ഈ കാര്യങ്ങളെല്ലാം അല്ലാഹുവിന്റെ പ്രത്യേകമായ പിന്തുണ പ്രകടിപ്പിക്കുന്നു. ഈ കാര്യങ്ങളെല്ലാം നടന്നു കഴിഞ്ഞിരിക്കുന്നു. അത് ജൽസയുടേയും മസ്ജിദുകളുടെ ഉൽഘാടനങ്ങളുടേയും ശിലാകർമങ്ങളുടേയും അവസരത്തിൽ അല്ലാഹു നമ്മെ കാണിച്ചുതന്നു. നമ്മൾ ആത്മപരിശോധനനടത്തുന്നതിനായി ചില കാര്യങ്ങൾ പറയാനാണ് ഇനി ഞാൻ ആഗ്രഹിക്കുന്നത്. നമ്മൾ അല്ലാഹുവിന് എവിടെയൊക്കെ നന്ദി കാണിക്കണമോ-നന്ദി നമ്മൾ കാണിക്കുന്നുണ്ട്- ഏതേതെല്ലാം രീതിയിലാണ് അല്ലാഹു നമ്മെ തന്റെ പിന്തുണയുടേയും സഹായങ്ങളുടേയും ദൃശ്യങ്ങൾ കാണിച്ചുകൊണ്ടിരിക്കുന്നത് അവിടെയൊക്കെ നമ്മളിൽനിന്ന് ഒരാൾപോലും തന്റെ ദുഷ്കർമത്തിന്റെ ഫലമായി ഈ അനുഗ്രഹങ്ങൾ നിഷേധിക്കപ്പെടുന്നവനായി ഉണ്ടാകാൻ പാടില്ല എന്ന ചിന്തയും ഉണ്ടാകേണ്ടതാണ്. മറ്റുള്ളവർക്ക് പൊതുവെ സത്ഗുണങ്ങൾ കാണാൻ കഴിയുന്നുണ്ട്. പക്ഷേ, നമുക്ക് നമ്മുടെ കുറവുകളും ദോഷങ്ങളും ശ്രദ്ധിക്കേണ്ടതുണ്ട്. നമുക്ക് നമ്മുടെ അവസ്ഥകളും നമ്മുടെ പ്രവൃത്തികളും നന്നാക്കി

ത്തീർക്കാൻ പരിശ്രമിക്കേണ്ടതുണ്ട്. പ്രത്യേകിച്ചും ഭാരവാഹികൾ. അവരിലും പ്രത്യേകിച്ചും നാഷണൽ ആമിലായുടെ ഭാരവാഹികളും കേന്ദ്ര ഉദ്യോഗസ്ഥന്മാരും ആത്മപരിശോധനനടത്തേണ്ട ആവശ്യമുണ്ട്. ശ്രദ്ധിക്കേണ്ടതായ ചില കുറവുകളും ദോഷങ്ങളും ജർമനിയിലുണ്ടായിരുന്നു. അമീർ സാഹിബ് അതിനുശേഷം തങ്ങളിലുണ്ടായവീഴ്ചകൾക്കും കുറവുകൾക്കും തങ്ങൾ ഖേദം പ്രകടിപ്പിക്കുന്നുവെന്ന് എനിക്ക് എഴുതി. പക്ഷേ, വർഷം മുഴുവൻ ഇക്കാര്യങ്ങളെ കുറിച്ച് പരിശോധിക്കാതെയും പ്രാവർത്തികമായ നിലയിൽ അത് ശരിയാക്കാനുള്ള സാഹചര്യം ഒരുക്കാതെയും ഖേദം പ്രകടിപ്പിക്കുന്നതുകൊണ്ട് ഒരു പ്രയോജനവുമില്ല. ഖേദങ്ങളും മാപ്പുകളും ഒരു പ്രയോജനവും നല്കുകയില്ല. യഥാർഥ കാര്യം പരിഷ്കരണമാണ്. കർമപരമായ പ്രവർത്തനമാണ്.

എന്നോട് ഒരു പത്രപ്രവർത്തക അവർ മസിഡോണിയാ (Macedonia) യിൽനിന്ന് വന്നതാണെന്ന് തോന്നുന്നു, ചോദിച്ചു: 'താങ്കൾ ജൽസയുടെ എല്ലാ ഒരുക്കങ്ങളിലും സംതൃപ്തനാണോ?' അവരുടെ ഉദ്ദേശ്യമെന്താണെന്ന് എനിക്കറിയില്ല. അത് അല്ലാഹുവാണ് നല്ലവണ്ണം അറിയുന്നവൻ. ചില കുറവുകൾ ചൂണ്ടിക്കാണിക്കൻ ആഗ്രഹിച്ചിട്ടുണ്ടായിരിക്കാം. നൂറുശതമാനവും സംതൃപ്തനാണെന്ന് ഞാൻ പറഞ്ഞാൽ അടുത്ത ചോദ്യമുണ്ടാകും. ഞാൻ അവരോട് പറഞ്ഞു, പുരോഗതി പ്രാപിക്കുന്ന സമൂഹങ്ങൾ നല്ലതിൽനിന്ന് നല്ലതിലേക്കുള്ള അന്വേഷണത്തിലായിരിക്കും എപ്പോഴും ഉണ്ടാകുക. കുറച്ച് ആളുകളുടെ പ്രശംസകേട്ട് ഞങ്ങൾ ചെയ്യേണ്ടതെല്ലാം ചെയ്തുവെന്ന് പറയാൻ ഞങ്ങൾക്ക് പറ്റില്ല. വലിയ പ്രവൃത്തി നടന്നുവെന്നും പറയാൻ പറ്റില്ല. ബാഹ്യമായിട്ടുള്ള കുറവുകൾ മറക്കാനും സാധിക്കില്ല. ഒരിക്കലും അത് അവഗണിക്കാൻ പറ്റില്ല. അവഗണിക്കാൻ പാടില്ലാത്തതുമാണ്. എന്തായാലും ഇതുകേട്ട് അവർ നിശബ്ദയായി.

ഹുസൂർ പറഞ്ഞു, എന്തായാലും കർമപരമായ നിലയിൽ പുരോഗതി നേടുക. അപ്പോഴാണ് അതിന് ചികിത്സയുണ്ടാകുന്നത്. അല്ലാതെ വെറും വാക്കുകളിലല്ല. ശ്രദ്ധയുണ്ടെങ്കിൽ എല്ലാം നടക്കും. കാനഡയിലെ ജമാഅത്തിലും ഒരു വർഷം ഇതേപോലെ സംഭവിച്ചിരുന്നു. അത് ഞാൻ അവരുടെ ശ്രദ്ധയിൽ പെടുത്തി. അവർ അത് ശ്രദ്ധിച്ചു. കർമപരമായ നടപടി സ്വീകരിച്ചു. ഇപ്പോൾ വളരെ നല്ല ഏർപാടുകളാണുള്ളതെന്ന് അവിടെത്തുകാർ എഴുതുന്നു. കാരണം പറഞ്ഞ കാര്യം അവർ കേട്ടു. അതനുസരിച്ച് പ്രവർത്തിച്ചു. അല്ലെങ്കിൽ പ്രവൃത്തിക്കാൻ കഴിവിന്റെ പരമാവധി ശ്രമിച്ചു.

ജർമനിക്കാരും ഈ നിയമങ്ങളനുസരിച്ച് നടന്നാൽ إِنْ شَاءَ اللّٰه ഉയർച്ച ഉണ്ടാകും. സാധാരണ ഉദ്യോഗസ്ഥരും ജമാഅത്തംഗങ്ങളും അസ്വസ്ഥരായിക്കൊണ്ട് എഴുതാറുണ്ട്. ഇനിയും ഒരുപക്ഷേ അവർ എഴുതും. പക്ഷേ, നാഷണൽ ഭാരവാഹികൾ തങ്ങളുടെ പുറന്തൊലിയിൽനിന്ന് വെളിയിൽ വരേണ്ട ആവശ്യമുണ്ട്. അവർ വെളിയിൽ വരിക. സ്വയം തങ്ങളെ ഓഫീസറായി മനസ്സിലാക്കാതിരിക്കുക. സേവകനായി മനസ്സിലാക്കി ജമാഅത്തിന് സേവനം ചെയ്യുക. നിങ്ങളുടെ ഉള്ളിൽ ഈ ചിന്താഗതി ഉണ്ടാക്കുക. അല്ലാഹു ഇവർക്കെല്ലാം തൗഫീഖ് നല്കുമാറാകട്ടെ. ജമാഅത്തിന് ലഭിച്ചുകൊണ്ടിരിക്കുന്ന വിജയങ്ങളെല്ലാം അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽനിന്നാണെന്ന് വിശേഷിപ്പിക്കുകയും ബന്ധിപ്പിക്കുകയും ചെയ്യുക. വിനയത്തിലും എളിമയിലും അല്ലാഹുവിനോട് നന്ദി കാണിക്കുന്നതിലും വളരാൻ ശ്രമിക്കുക. എല്ലാ ഭാരവാഹികളിലും ഈ റൂഹ് ഉണ്ടാകാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ മുമ്പത്തെക്കാളധികം ആകർഷിച്ചെടുക്കുന്നവരായിത്തീരട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Alkhamis** (atba)
at Masjid Baithul Futhuh,London – on 20.06.14
Summarized by Nazarath Nashr-O-Isha'ath, Qadian
Malayalam Translation : Mau.Muhammad Ismail Alleppey For Malayalam Desk,Qadian.

If Undelivered Please Return To
Nazarath Nashr-O-Isha'ath,
Sadr Anjuman Ahmadiyya
Qadian, 143516,
Gurdaspur-Dt, Punjab-St

To